(ബി) പ്രസ്തുത ഫയലുകൾ ദീർഘകാലം പെൻഡിംഗ് ആയി കിടക്കാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ :

(സി) ഈ ഫയലുകളിൽ അടിയന്തരമായി തിരുമാനമെടുക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കമ്മീഷണറേറ്റ്, കളക്ടറേറ്റുകൾ, താലൂക്കാഫീസുകൾ, വില്ലേജ് ഓഫീസുകൾ, ലാൻഡ് ബോർഡ്, സർവ ലാൻഡ് റിക്കാർഡുകൾ എന്നിവിടങ്ങളിൽ മൊത്തം 2,90,326 ഫയലുകൾ ഉണ്ട്.

(ബി) സബ് ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസവും കോടതി കേസ് തീർപ്പാക്കുന്നതിനുള്ള കാലതാമസവും ആണ് ഫയലുകൾ ദീർഘകാലം പെൻഡിംഗ് ആയി കിടക്കുന്നത്.

(സി) അഡ്വക്കേറ്റ് ജനറൽ ആഫീസുമായി ബന്ധപ്പെട്ട് കോടതി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് കത്ത് മുഖേനയും നേരിട്ടും അഭ്യർത്ഥിക്കാറുണ്ട്. ഇതിനുപുറമേ ഫയൽ തീർപ്പാക്കാൻ വാരവും ഫയൽ വർക്ക് ഷോപ്പും സംഘടിപ്പിച്ച് കാലപ്പഴക്കമുള്ള ഫയലുകളിൽ തിരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ മീടിംഗുകളിലും സമ്മേളനങ്ങളിലും ഫയലുകളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥന്മാർക്ക് കർശന നിർദ്ദേശം നൽകാറുമുണ്ട്.

റോഡുവികസനത്തിന് വേണ്ടി എക്സ്റ്റൻഷൻ നടപടികൾ

10 (4289) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നാഷണൽ ഹൈവേയിൽ മുരാട് പാലം മുതൽ കരിമ്പനപ്പാലം വരെയുള്ള പ്രദേശത്ത് റോഡ് വികസനത്തിനുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ എസ്കലേഷൻ നടപടികൾക്ക് ആവശ്യപ്പെട്ടിട്ടുണ്ടോ :

(ബി) നാഷണൽ ഹൈവേ ഡിപ്പാർട്ട്മെന്റ് ഈ അഭ്യർത്ഥന നൽകിയിട്ട് എത്ര കാലമായി എന്ന് പറയാമോ :

(സി) പ്രസ്തുത കാലതാമസം ഒഴിവാക്കി അടിയന്തര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 8-2-2001-ൽ നാഷണൽ ഹൈവേ ഡിപ്പാർട്ടുമെന്റിന്റെ അഭ്യർത്ഥന ലഭിച്ചു.

(സി) ഇത് സംബന്ധിച്ചുള്ള കരട് പ്രഖ്യാപനത്തിന് പൊതുമരാമത്ത് വകുപ്പിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ അടിയന്തരമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly